"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊല്ലം നഗരസഭയിലെ ഫീമെയിൽ അറ്റൻഡന്റ് ശ്രീമതി ജയലക്ഷ്മി യു -ന്റെ മകളുടെ ചികിത്സയ്ക്ക് ചിലവായ തുക റി-ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.804/2024/LSGD തീയതി,തിരുവനന്തപുരം, 07-05-2024

---

പരാമർശം:-

1. ശ്രീമതി ജയലക്ഷ്മി യു.സമർപ്പിച്ച 25-4-2022 തീയതിയിലെ മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16-5-2023 തീയതിയിലെ എൽ.ഡിസ്) എം.ആർ2-223070/2023/CRU/ആ.വ.ഡ. നമ്പർ കത്ത്.
3. കൊല്ലം നഗരസഭയുടെ 7-9-2023 തീയതിയിലെ 17/17 നമ്പർ കൗൺസിൽ തീരുമാനം.
4. കൊല്ലം നഗരസഭ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 16-10-2023ലെ G7-16728/22 നമ്പർ കത്ത്.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 8-1-2024ലെ LSGD/PD/71073/2023-DEG1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരസഭയിലെ ഫീമെയിൽ അറ്റൻഡന്റ് ശ്രീമതി ജയലക്ഷ്മി യുടെ മകളുടെ ചികിത്സയ്ക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ്&ടെക്നോളജി ആശുപത്രിയിൽ ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട് പരാമർശം(1) പ്രകാരം സമർപ്പിച്ച ബില്ലുകളിൽ സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ തുക 10,25,985/- രൂപ(പത്ത് ലക്ഷത്തി ഇരുപത്തിഅഞ്ചായിരത്തി തൊള്ളായിരത്തി എൺപത്തിഅഞ്ച് രൂപ മാത്രം)യാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് സർക്കാരിൽ നിന്നുള്ള അനുമതി ലഭ്യമാക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(5) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. സർക്കാർ നിരക്കുകൾ പ്രകാരം ടിയാൾക്ക് അനുവദനീയമായ തുക അനുവദിക്കുന്ന വിഷയം പരാമർശം(3) പ്രകാരം കൊല്ലം നഗരസഭ അംഗീകരിച്ചിട്ടുണ്ട്. ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട ബില്ലുകൾ ടിയാളുടെ ഭർത്താവ് സേവനമനുഷ്ഠിക്കുന്ന കേരള വാട്ടർ അതോറിറ്റിയിൽ സമർപ്പിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം അപേക്ഷക സമർപ്പിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിലെ ഫീമെയിൽ അറ്റൻഡന്റ് ശ്രീമതി.ജയലക്ഷ്മിയുടെ മകളുടെ ചികിത്സയ്ക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമാണെന്ന്

സാക്ഷ്യപ്പെടുത്തിയ 10,25,985/- രൂപ (പത്ത് ലക്ഷത്തി ഇരുപത്തിഅഞ്ചായിരത്തി തൊള്ളായിരത്തി എൺപത്തിഅഞ്ച് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ കൊല്ലം നഗരസഭ സെക്രട്ടറിയും പ്രിൻസിപ്പൽ ഡയറക്ടറും പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്ന പക്ഷം അപേക്ഷക തുക തിരിച്ച് അടയ്ക്കാൻ ബാധ്യസ്ഥനാണെന്ന വ്യവസ്ഥയിലും ടി തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ് റൂൾസ് 1960 ബാധകമാക്കിയ 1998ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്)റൂൾ പ്രകാരം മെഡിക്കൽ റി-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,കൊല്ലം നഗരസഭ.
ശ്രീമതി ജയലക്ഷ്മി യു,ഫീമെയിൽ അറ്റൻഡന്റ്,കൊല്ലം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-05-2024 10:17:15
സെക്ഷൻ ഓഫീസർ